# സൂത്രനും ഷേരുവും

SPECIAL ITEM



ബാലരമ




വളഞ്ഞ വഴി
ഇവൻെറയൊക്കെ ഒടുക്കത്തെ ഒറക്കമാ.
ഒറങ്ങുമ്പഴും അഹങ്കാരത്തിന് ഒരു കൊറവുമില്ല.
??
ഇവനൊക്കെ ഒറക്കത്തിൽ മൂട്ട കടിച്ചു ചാവണം!
ആരോടാ സൂത്രാ, ദേഷ്യം?
ആ ഒറക്കക്കാരൻ കരടിയില്ലേ? അവൻെറ കാര്യമാ പറഞ്ഞത്.



മൂപ്പര് ഗുഹയിൽ ഒറങ്ങാൻ കിടക്കുന്ന സമയത്ത് ഞാൻ പാട്ടുപാടി അതിലേ ഒന്നു നടന്നു.
അതിന് ആ കുംഭകർണൻ എന്നെ പറയാത്ത ചീത്തയില്ല.
അതുവഴി പാട്ടുപാടി നടന്നാൽ ഒറങ്ങാൻ പറ്റില്ലെന്ന് അവൻ.
എൻെറ ഗുഹയിലേക്ക് പോകാൻ എളുപ്പവഴി അതിലേയാണെന്ന് ഞാനും പറഞ്ഞു.
അപ്പോ അവൻ പറയുന്നു,അവൻ ഒറങ്ങുമ്പോ എളുപ്പവഴിക്കു പോണ്ട, വളഞ്ഞ വഴി പോയാ മതിയെന്ന്.!
ഓഹാ.. എന്നാപ്പിന്നെ നമ്മളും വിട്ടുകൊടുക്കരുത് സൂത്രാ..!



നമുക്ക് അതു തന്നെ ചെയ്യണം!
യേത്?
നമുക്കു വളഞ്ഞ വഴി പോകാം!
അതുശരി..! ഞാൻ കരുതി താൻ അവനെ ഒതുക്കാൻ വഴി പറയുമെന്ന്.
എന്താഡേ താൻ ഡയലോഗൊന്നും പറയാത്തത്?
ഞാൻ ചിന്തിക്കുകയാ.


താൻ പറഞ്ഞ പോലെ നമ്മളൊരു വളഞ്ഞ വഴിക്കു പോകുന്നു!
ശരിക്കും ഒരു വളഞ്ഞു പുളഞ്ഞ വഴി!
അവൻെറ ഒറക്കം നമുക്കിന്നു തീർക്കണം!
സൂത്രം റെഡി!
ആവശ്യമുള്ള സാധനങ്ങൾ: ഒരു കൊച്ചുകല്ല്, കുറച്ചു വള്ളി...
...ഒരു പഴം, നാലഞ്ച് എലികൾ, ഒരു കൂർത്ത കമ്പ്, ഒരു കുല മാങ്ങ..
????


ഒരു പലക, ഒരു വലിയ പാത്രം വെള്ളം, പിന്നേം കുറച്ചു വള്ളി.
മതി.!
ഒന്നും മനസ്സിലായില്ല സൂത്രാ.!
അതാണ് വളഞ്ഞ വഴി എന്നു പറഞ്ഞത്. വാ, കാണിച്ചു തരാം.
സംഭവം റെഡി..!
ഇപ്പഴും ഒന്നും മനസ്സിലായില്ല സൂത്രാ.!


വിശദീകരിച്ചു തരാം.
നമ്മൾ ചെയ്യേണ്ടത് ഇത്രയേയുള്ളൂ.
ഇവിടിരുന്ന് ഈ കല്ല് ഇതുവഴി ഉരുട്ടിവിടുക.
"കല്ല് ഉരുണ്ടുചെന്ന് ആ എലിമാളത്തിൽ കേറും."
"അന്നേരം എലികൾ പുറത്തു ചാടും. അപ്പോഴാണ് അവർ..."
"...തൊട്ടപ്പുറത്ത് ആ പഴം കാണുന്നത്."
ഹായ്..
"കൊതിയന്മാർ വേഗം പഴം കടിച്ചു മുറിക്കും."
ക്റും..!


"പഴം മുറിയും. ഒപ്പം വള്ളിയും.!"
ക്റും..!
പ്ടും..!
"ആ വള്ളി കൊണ്ട് വലിച്ചു കെട്ടിയ മുള വള്ളി പൊട്ടുമ്പോൾ നിവരും!"
ഷ്യൂoooo..
"മുളയുടെ അറ്റത്ത് കെട്ടിയ കൂർത്ത കമ്പ് അപ്പുറത്തു നിൽക്കുന്ന മാവിലെ മാങ്ങക്കുലയിൽ ചെന്നു തറയ്ക്കും."
"മാങ്ങ വീഴും."
"മാങ്ങ വീഴുന്നത് നമ്മൾ പ്രത്യേകം തയ്യാറാക്കി വച്ച പലകയിലാണ്."


"പലക ചരിഞ്ഞു വീഴും. പലകയുടെ
അറ്റത്തെ വള്ളി വലിയും."
"വള്ളി വലിയുമ്പോൾ വള്ളിയുടെ
അറ്റത്തുള്ള വലിയ പാത്രം ചെരിയും."
"പാത്രത്തിലെ വെള്ളം താഴെ! പ്ലും!"
"അതിനിടെ മാങ്ങ
താഴേക്ക് ഉരുണ്ട്..."
"...ഉറക്കക്കാരൻ കരടിയുടെ ഗുഹയിലെ
മരവാതിലിൽ ചെന്നു തട്ടും. ടു..ടും..ടും.."
ടു.. ടും.. ടും..


"മുട്ടുന്ന ഒച്ച കേട്ട് കരടിച്ചാർ വാതിൽ തുറക്കും."
ആരാ?
"അപ്പഴേക്കും പാത്രത്തീന്നു വീണ വെള്ളം ഒഴുകി എത്തീട്ടുണ്ടാവും."
ങേ... ഹയ്യോ!
"ഉറക്കക്കാരനും ഗുഹയും വെള്ളത്തിൽ! ഹി..ഹി..ഹി.."
താൻ ഡയലോഗൊന്നും പറയുന്നില്ലല്ലോഡേ?
ഞാൻ ചിന്തിക്കുകയാ.


എനിക്കൊരു സംശയം, ഇതൊക്കെ നടക്കുമോന്ന്.
അതെന്താ അങ്ങനെ തോന്നാൻ.?
ഒരൊറ്റ കാര്യത്തിലാ സംശയം.!
ഞാൻ ദാ, വരുന്നു!
ആ സംശയമൊന്നു തീർത്തിട്ടു വരാം.
ഞാൻ വരണോ?
വേണ്ട!
ഷേരു കൊളമാക്കുമോ? കൂടെ പോകാമായിരുന്നു.


സംശയം തീർന്നു! സംഗതി നടക്കും!
തനിക്കത് ഇപ്പഴെങ്കിലും മനസ്സിലായല്ലോ!
മാങ്ങ വാതിലിൽ തട്ടിയാൽ പുള്ളി ഉണരുമോന്നായിരുന്നു സംശയം. ഉണരും..! ഞാൻ നോക്കി!
താൻ നോക്കിയെന്നോ? ഹെങ്ങനെ നോക്കി?
ഞാനാ മാങ്ങ പറിച്ച് ഗുഹയിലേക്ക് ഉരുട്ടി വിട്ടുനോക്കി.
മണ്ടാ..!
ഓഹോ..! അതു നീയായിരുന്നോ!
ഒറക്കം കളയാൻ വന്നോളും ഓരോ ശല്യങ്ങള്.!
വിഷമിക്കാതെ സൂത്രാ, ആ മാവിൽ അടുത്ത കൊല്ലം വേറെ മാങ്ങയുണ്ടാകും!


ഉണർത്തണേ..
ഈയിടെയായി ഭയങ്കര ഉറക്കമാ.
നാളെ കാലത്ത് മൂങ്ങ വൈദ്യരെ കാണണം.
സമയത്ത് ഉണരുമോന്നാ പേടി.
താൻ ധൈര്യമായി ഉറങ്ങിക്കോ. ഞാൻ വന്നു വിളിച്ചോളാം.
വിളിക്കണേ!
ഹൊ. ഇനി സമാധാനമായി ഉറങ്ങാം.
ഷേരൂ... ഷേരൂ...
നേരം വെളുത്തു.


ശ്ശൊ... രക്ഷയില്ല!
ഒച്ചവച്ചിട്ടു കാര്യമില്ല.
കുലുക്കിവിളിക്കണമെങ്കിൽ മരം കേറണം! നാശം.
കല്ലെറിഞ്ഞു നോക്കാം.
ധും
ഹമ്മോ...
ടക്ക്
ഹാരെടാ അത്..?
ഹമ്പട... നീയാണോ?
സോറി...



ഉറങ്ങാനും സമ്മതിക്കില്ലെന്നു വച്ചാൽ...
അടിച്ച് ഉണർത്താം.
ഹമ്മോ...
ധപ്പ്
ഉന്നം തെറ്റി!
നിന്നേക്കൊണ്ടു വല്ല്യ ശല്യമായല്ലോ!
സോറി... സോറി...
ങുർ... ങുർ...
ഹിഹി... ഇനി കുലുക്കി താഴെയിടാം.
ങേ...


ഹെൻറപ്പൂപ്പാ...
സോറി...
കുറേ നേരമായി ഞാൻ സഹിക്കുന്നു!
പ്ധോം..
ചേട്ടനെന്നെ ഉണർത്തിയതു നന്നായി...
...ആ സൂത്രനെ ഒരു കാര്യമേല്പിച്ചാൽ നടക്കില്ലെന്നേ!



അപ്പൂപ്പന്റെ ഒരു ഉപദേശം!
ങുർ... ങുർ...
സൂത്രാ...
അയ്യോ... താനാരാ?
നിന്റെ ചത്തു പോയ അപ്പൂപ്പനാ ഞാൻ...
കുഞ്ഞേ... നീയെന്തിനാ ആ പാവം ഷേരുവിനെ ഇങ്ങനെ ഉപദ്രവിക്കുന്നത്?
ങേ...



ഇതൊന്നും കുടുംബ ത്തിൽപ്പിറന്ന കുറു ക്കന്മാർക്കു ചേർന്നതല്ല..!
ഇനിയും ആ പാവത്തിനെ ഉപദ്രവിച്ചാൽ... ങ്ഹാ!
അപ്പൂപ്പാ...
പാവം ഷേരു... അവനെ ഞാൻ ശരിക്കും കഷ്ട പ്പെടുത്തിയിട്ടുണ്ട്.
ഷേരുവിനോടു മാപ്പു ചോദിക്കണം.


ടൊങ്...
സൂ...സൂത്രാ...
അറിയാതെ
വീണതാ.
സാരമില്ല
ഷേരൂ!
എൻെറ
ഷേരൂ, എനി
ക്കു മാപ്പു
തരണം.
തന്നെ ഞാൻ
ശരിക്കും
വേദനിപ്പിച്ചു.
ങേ... ഞാനല്ലേ
തന്നെ വേദനിപ്പി
ച്ചത്?
ക്ഷമിച്ചെന്നു
പറ ഷേരൂ...
ങീ...ങീ...
ങേ...
വട്ടായോ?
മാങ്ങ തലയിൽ വീണ
പ്പോഴാവും സൂത്രന്
വട്ടുപിടിച്ചത്!




തലയ്ക്ക് ഒരിടി കൂടി കൊടുത്താൽ സംഗതി ശരി യാവും...
ഠിം!
ഇടിച്ചോ ഷേരൂ! താൻ മാപ്പു തന്നാൽ മതി.
ങേ... ഒരിടി പോരേ?
എന്നാലിപ്പോ ശരിയാക്കാം.
തന്റെ തല ഞാൻ ക്ലീനാക്കിത്തരാം, സൂത്രാ!
ഹയ്യോ...
ഹമ്മോ...
ഠോങ്...
ഠിം...
ഠപ്പേ!
ഭും!
ഹെന്റെ മുതുകേ!
ഹും... ക്ഷമയ്ക്കും ഒരതിരുണ്ടെടോ മരത്തലയാ!
ഹാവൂ... സൂത്രൻ രക്ഷപ്പെട്ടു.


ഈ കുഴി..
ആ കുഴി..!
ഇറങ്ങിച്ചെന്നു
പിടിച്ചാലോ?


ഇറങ്ങണ്ട സൂത്രാ. അവനതാ അവിടെയെത്തി.
ഹമ്പടാ! അപ്പോൾ അടിയിലൂടെ വഴിയുണ്ട്.
ശ്ശെ... പിന്നേം പോയി.
ദാ, അവിടെ!
ശ്ശെടാ... ഇവനാളു കൊള്ളാമല്ലോ!


പിന്നേം മുങ്ങി!
ഇതൊരു കൊഴഞ്ഞ കേസാണല്ലോ!
ഇവിടെ പൊങ്ങിയാൽ ഞാൻ പിടിക്കാം. താനവിടെ നോക്കണം.
ശ്ശെടാ...അവിടേം കുഴിയുണ്ടോ?


ങ്ഹാ... വഴിയുണ്ട്.
ഒരു കുഴിയൊഴിച്ച് ബാക്കിയെല്ലാം...
...കല്ലുകൊണ്ട് അടച്ച്... ങേ!
ദാ, പോ ണേയ്...
ഓടീട്ടു കാര്യമില്ല.
ഭാഗ്യമില്ലെഡേ ഷേരൂ!
പുറത്തുവാ മക്കളേ... ആ മണ്ടന്മാരു പോയി.


മരുന്ന് മറന്ന്
സൂത്രാ... സൂത്രാ...
വാ, പോകാം.
എങ്ങോട്ട്?
ങാഹാ! താനതും മറന്നോ?
മൂങ്ങവൈദ്യരെ കാണാൻ!
തൻെറ മറവി മാറാൻ ഒരു മരുന്നു വാങ്ങണം. ഇന്നലെ പറഞ്ഞതല്ലേ?
ഹിഹി... ഞാനതങ്ങു മറന്നു, ഷേരൂ!




എനിക്കും വൈദ്യരെ കണ്ടിട്ടൊരു കാര്യമുണ്ട്.
എന്താ?
കുറേനാളായി ഒരാശ...
...തന്നേപ്പോലെ വാലിൽ രോമം വളർത്തണം.
അതിനു മരുന്നുണ്ട്.
നമ്മളിപ്പോ എങ്ങോട്ടാ പോകുന്നതെന്നാ പറഞ്ഞത്...
ശ്ശോ!




രണ്ടുപേർക്കും മരുന്നുതരാം.
സൂത്രൻ ഈ മരുന്ന് തലയിൽ പുരട്ടണം. ഓർമ്മ കൂടും.
ഷേരു ഇതു വാലിൽ തേയ്ക്കണം. വാല് പൊന്തക്കാടു പോലാകും!
ഹായ്!
രണ്ടും ഞാൻ പിടിക്കാം. താൻ എവിടെങ്കിലും വച്ചു മറക്കും.
ഈ ഓർമ്മ ഓർമ്മ എന്നു പറയുന്നതേ... കടുവകൾക്കു ജന്മനാ കിട്ടുന്നതാ!


മറക്കല്ലേ... തലയി
ലാ തേയ്ക്കേണ്ടത്.
പേടിക്കേണ്ട സൂത്രാ.
തനിക്കും എൻറത്രേം
ഓർമ്മ കിട്ടും.
സൂത്രാ.
സൂത്രാ...
മരുന്ന് തട്ടിപ്പാ.
വാലിപ്പോഴും ചുള്ളി
ക്കമ്പു പോലെ!
എന്താ സംഭവിച്ചതെന്ന്
ഒരോർമ്മയും കിട്ടുന്നില്ല.



ഷെർലക് ഫോക്സ്
ങേ...!
സൂത്രാ... ഒരാന ചത്തു കിടക്കുന്നു.


ഹയ്യട!
ഇവനെങ്ങനെയാ ണാവോ ചത്തത്.
കണ്ടു പിടിക്കാം!
ങേ..?
കണ്ടുപിടിക്കാമെന്ന്! അതിനല്ലേ എന്റെയീ ബുദ്ധി!
ഞാൻ പണ്ട് എത്ര യെത്ര കൊലപാതകങ്ങള് കണ്ടു പിടിച്ചതാ!
താൻ ഷെർലക് ഫോക്സ് ഷെർലക് ഫോക്സ് എന്നൊരു കുറുക്കനെപ്പറ്റി കേട്ടിട്ടുണ്ടോ?
ഇല്ല!
അതു ഞാനാ!
ആദ്യം തെളിവുകൾ ശേഖരിക്കാം..


പുല്ല് ചതഞ്ഞു കിടക്കുന്നതു കണ്ടോ?
മൽപ്പിടുത്തമു ണ്ടായിട്ടുണ്ട് എന്നർത്ഥം!
ങേ!
പുഴയ്ക്കടുത്തു വച്ചാ അടിപിടിയു ണ്ടായത്.
പുഴ വരെ നനവുമുണ്ട്... അപ്പോൾ...
ഏതോ മുതല യുമായിട്ടായിരുന്നു അടിപിടി!
ഹെൻറമ്മോ!
സംഗതി കൊലപാതകം തന്നെ!
മുതലച്ചാര് കേറിവന്ന് ആനച്ചാരെ തട്ടിയിട്ടു പോയി!
ങേ...



കുറച്ചു തെളിവുകൾ കൂടി വേണം.
താനാ മരത്തിലൊന്നു കേറി നോക്ക്.
തെളിവു കിട്ടിയോ?
കിട്ടി... കിട്ടി!
സൂത്രാ, ഇതു കൊലപാതകമല്ല.
കൊന്നതാണെന്നു ഞാൻ കണ്ടു പിടിച്ചു കഴിഞ്ഞു!
കൊന്നതല്ല സൂത്രാ
കൊന്നതാ
അല്ല!
അതെ!
അല്ല!
അതെ!
അല്ല സൂത്രാ
എന്താ തെളിവ്?
ചത്ത ആന കണ്ണു തുറക്കുമോ?
ഒന്നുമയങ്ങാമെന്നു വിചാരിച്ചാൽ സമ്മതിക്കല്ലല്ലേ! നിന്നെ ഇന്നു ഞാൻ...
തെളിവു വല്ലതും ബാക്കി വച്ചേക്കണേ!


നാക്കൊന്ന്, ചക്ക പത്ത്!
ഹെൻറമ്മേ... എന്നെ കിഡ്നാപ്പ് ചെയ്തേ...
കിട്ടി!
എന്നെ വിടണേ...


ഇവനെ കിട്ടിയതു നന്നായി!
തനിക്കു വവ്വാലിറച്ചി ഇഷ്ടമല്ലല്ലോ?
അതിനിവനെ തിന്നാനാരു പറഞ്ഞു?
ഇവനേയ്... ഒടുക്കത്തെ കരിനാക്കാ. പറഞ്ഞാൽ പറഞ്ഞതു സംഭവിക്കും.
??
എഡേ വവ്വാലേ: ആ നിൽക്കുന്ന മരത്തെപ്പറ്റി എന്തു തോന്നുന്നു?
കാണിച്ചു തരാം.
ആദ്യം ചേട്ടനൊന്നു മാറിനില്ക്ക്.
ദാ, ആ ചക്കയൊക്കെ എപ്പോഴാ വീഴുന്നതെന്നു പറയാൻ പറ്റില്ല.
പ്ധുക്കോ!
ങേ..!


ഇവനാളു കൊള്ളാമല്ലോ സൂത്രാ.
ഹ്... ഹതാ ഞാൻ പറഞ്ഞത്.
ഇവനേക്കൊണ്ട് വല്ല ആനയെയോ പോത്തിനെയോ വീഴ്ത്താൻ പറ്റിയാൽ കോളടിച്ചല്ലേ.
ദാ പോകുന്നു ഒരാന!
വേഗം അവനേക്കൊണ്ടു വല്ലതും പറയിപ്പിക്ക്.
വേഗം ആനയെപ്പറ്റി വല്ലതും പറ.
ആനയ്ക്ക് തുമ്പിക്കൈയുണ്ട്.
അതു പോര. വേറേ വല്ലതും പറ.
ആനയുടെ വാലിനെയാണ് ആനവാൽ എന്നു വിളിക്കുന്നത്.
ഹും!


നാലുകാലും വാലുമുള്ള ഒരു മൃഗ...
ഇങ്ങുതാ. ഇവനെയിന്നു ഞാൻ...!
മരിയാദയ്ക്ക് ആന വീഴുന്ന തിനെപ്പറ്റി പറ.
അതിനെന്തിനാ ചൂടാവുന്നത്.
തലേലൊരു ചക്ക വീ ണെന്നു വച്ച് ഇത്രേം ദേഷ്യപ്പെടാനുണ്ടോ?
ഒരു ചക്ക വീണിട്ട് ഇത്രേം ദേഷ്യം. അപ്പോൾ ഒരു പത്തു ചക്ക വീണാലോ?
ങേ!


കടുവയോ, തോന്നലോ?
ഷേരൂ, വേഗം ഒളിക്ക്.
അയ്യോ... എന്തു പറ്റി?
എൻ്റെയൊരു പഴേേേ ചങ്ങാതി വരുന്നുണ്ട്. പേരുകേട്ട പേടിത്തൊണ്ടനാ.
കടുവ എന്നു കേട്ടാലേ ബോധം കെടും.
ഇവിടെങ്ങാനും വച്ചു പേടിച്ചു ചത്താൽ മൂഷരുടെ ചേട്ടന്മാര് നമ്മളെ വച്ചേക്കില്ല.
സൂത്രാാാ...
ഹലോ!



തന്നെ കണ്ടിട്ടു കാലം കുറേയായല്ലോ!
സുഖം തന്നെ യെന്നു വിശ്വസി ക്കുന്നു.
താനെന്താ അങ്ങോട്ടു നോക്കി വാചകമടിക്കുന്നത്. അകത്താരാ?
ഹി...ഹി... ആര്? ഒരു കടുവ പോലു മില്ല.
ഹയ്യോ..!
എന്താ... എന്താ?
ദേ. കടുവയുടെ കാല്പാടല്ലേ ഇത്?


ഹേയ്... അതൊക്കെ തന്റെ തോന്നലല്ലേ...
താനാളങ്ങു ക്ഷീണി...
...ഹെൻറമ്മോ..
ഹെന്താ?
ഗുഹയ്ക്കകത്ത് ഒരു കടുവത്തല!
ഹിഹിഹീ... ഇതും തോന്നലാണെന്നേ...
മണ്ടൻ കടുവ എത്തിനോക്കി.
...ഇവിടെവന്ന പലർക്കും തോന്നാറുള്ളതാ ഗുഹയ്ക്കകത്തു കടുവയുണ്ടെന്ന്!
ചിലർക്കു തോന്നും കടുവേടെ അലർച്ച കേട്ടുവെന്ന്...
എല്ലാം ചുമ്മാ തോന്നലാ... ഹിഹി...


എനിക്കങ്ങോട്ടു വിശ്വാസം വരുന്നില്ല സൂത്രാ!
??
ഗർർർ.....
ഇപ്പോ വിശ്വാസ മായിക്കാണും!
തോന്നലാ... തോന്നല്...
ശ്ശൊ!
ഹയ്യോ... ഇതു തോന്നലല്ലേ...
തോന്നലാ ണെന്നേ...
തോന്നലല്ല സൂത്രാ!
തോന്നലാ!
അല്ല... അല്ല... അല്ല...
ഹും!
സൂത്രനെ ഇത്ര വിശ്വാസ മില്ലേ?
ഇനി ഞാൻ നേരിട്ടു പറയണോ!


ചട്ക്കോ..
പട്ക്കോ..!
ഇതെന്താ കൈയിൽ?
വേട്ടക്കാരിട്ടിട്ടു പോയതാ.
ഒരു തുണി.
ഇതുകൊണ്ടെന്താ കാര്യം?
എന്തെങ്കിലും കാണുമെന്നേ!
ചട്ക്കോ... പട്ക്കോ..!
ചട്ക്കോ... പട്ക്കോ..!
ചട്ക്കോ... പട്ക്കോ...


ചടക്കോ...
പടക്കോ!
ചോപ്പുനിറം കണ്ടാൽ എനിക്കു കലിയിളകു മെന്ന് അറിയില്ലേ?
ഇനി ഇതിവിടെ കണ്ടുപോകരുത്. പറഞ്ഞേക്കാം!
ഇവനാരാ... കാട്ടിലെ പ്രധാന മന്ത്രിയോ?



ഒരു പാഠം പഠിപ്പിക്കണം!
രണ്ടെണ്ണം പഠിപ്പിച്ചേക്കാം.
ഈ കല്ല് ചോപ്പു തുണി കൊണ്ട് പൊതിയാം.
അവൻ വന്നിടിക്കും. കൊമ്പു രണ്ടും ചട്ക്കോ പട്ക്കോ...
ചട്ക്കോ... പട്ക്കോ...
വരുന്നുണ്ട്.
ഇവന്മാരോട് പറഞ്ഞാൽ മനസ്സിലാവില്ലേ?
ഹയ്യോ!
പ്ധുക്ക്!


പ്ളുക്ക്!
ഞാനീ പണി നിർത്തി.
ഇനീം ഇടി കൊള്ളാൻ വയ്യ!
താനാ തുണി എന്തു ചെയ്തു?
ഉണങ്ങാനിട്ടു.
എവിടെ?
ഗുഹേടെ മുന്നിൽ തൂക്കിട്ടുണ്ട്.
ചതിച്ചോ....!
ചട്ക്കോ... പട്ക്കോ...


ആരോടു ചോദിക്കണം?
ങിർ... ങ്റു...
ങിർ.. ങ്റു... ങ്റു...
??
ങേ... ഇവനാരാ?
ങിർ.. ക്ര്... ങ്.. ങ്മ...
മുള്ളൻപന്നിയുടെ കുഞ്ഞാ!
ങിർ...



മുള്ളൻപന്നിയുടെ ഇറച്ചിക്ക് എന്താ രുചി!
ങിർ...
ആദ്യം ഇവന്റെ മുള്ളു കളയണം. അതാ പ്രശ്നം.
പറിച്ചുകളഞ്ഞാൽ പോരേ?
ങിർ...
ഹേയ്... അതു നടപ്പില്ല. ഇവന്റെ മുള്ളാണേൽ തീരെ ചെറുതാ.
വേറെന്തോ വഴിയുണ്ട്.
ങിർ...
താൻ പോയി ആരോടെങ്കിലും ചോദിച്ചിട്ടു വാ.
മുള്ളൻപന്നിയുടെ ഇറച്ചി കുറുക്കന്മാർക്ക് അത്ര നല്ലതല്ലെന്നാ ഞാൻ കേട്ടി...
ഹ്...ഹേയ്... സൂപ്പറല്ലേ... സൂപ്പർ!


തനിക്കെന്തറിയാം?
കുറുക്കന്മാരുടെ കാര്യം കുറുക്കന്മാരോടു ചോദിക്കണം.
എന്നാൽ ഞാൻ പോയിട്ടു വരാം.
ഇവനെ അതു വരെ മൂടി വയ്ക്കാം.
ങിർ...
ചേട്ടാ, ഈ മുള്ളൻ പന്നീടെ മുള്ളു കളയാൻ എന്താ വഴി?
എനിക്കറിയില്ല.
ഈ മുള്ളൻപന്നീടെ മുള്ളുകളയാൻ എന്താ...
ശല്യപ്പെടുത്താതെ പോടോ!
മുള്ളൻപന്നീടെ മുള്ള് കളയാൻ...
പോയിട്ട് തിരക്കുണ്ട്.
മുള്ളൻപന്നീടെ മുള്ള്...
മീൻമുള്ളിൻെറ കാര്യം പറ.


ഈ മുള്ളൻ
പന്നീടെ...
??
മുള്ളു കളയുന്ന വിദ്യ
യൊന്നു പറഞ്ഞു
തരണം.
സൂത്രാ, മുള്ളൻ
പന്നീടെ കാര്യമല്ലേ...
ങിർ...
...മുള്ളൻപന്നിയോടു തന്നെ
ചോദിച്ചു പോയി!
ഹെൻറമ്മോ!
ങിർ...


കൂടുതൽ മീൻ
മനുഷ്യരു മീൻ പിടിക്കുന്ന വലയുടെ കഷണമാ.
കളഞ്ഞേക്ക്. പണ്ട് വലിയ വല കിട്ടീട്ട് ഒന്നും നടന്നില്ല.
ബുദ്ധിയുണ്ടെങ്കിൽ ഇതുകൊണ്ടും മീൻ പിടിക്കാം!
താൻ വാ.


താനീ കൊച്ചുകുളം
കണ്ടോ?
കണ്ടു.
അതിനകത്തെ മീ
നുകളെ കണ്ടോ?
കണ്ടു.
എന്നാലേ... നമ്മളീ മീനുക
ളെ പിടിക്കാൻ പോകുന്നു.
ദാ, ഇവിടെ
വലിയൊരു കുഴി
യുണ്ടാക്കണം.
പണി തുടങ്ങി
ക്കോ.


പുഴക്കരയിലെ മണലായതുകൊണ്ട് കുഴിക്കാൻ എളുപ്പമാ.
ശ്ശോ... ഈ പണിയിത്തിരി കടുപ്പമായിപ്പോയി.
തളർന്നേ...
ങ്ഹാ, മതി മതി. ഞാനിപ്പോ വരാം.
ഈ മുളങ്കുഴലിന്റെ അറ്റത്ത് വല കെട്ടാം.
ലോകത്തിലിന്നേവരെ ഒരു കുറുക്കനും തോന്നാത്ത ബുദ്ധിയാ.
ഇനി കുഴിയിൽ നിന്ന് കുളത്തിലേക്ക് ഈ കുഴൽ ദാ, ഇങ്ങനെ... തള്ളിക്കേറ്റണം!


കുളത്തിലെ വെള്ളം ഇപ്പോ വറ്റും!
മീനൊക്കെ കുളത്തിൽ കെടക്കും! ഹിഹി...
വേറൊരു ഐഡിയ!
ഞാൻ ദാ വരുന്നു!
ഹെൻറമ്മേ... ഒടുക്കത്തെ ബുദ്ധി!
ങേ... വെള്ളത്തിന് ശക്തി കൂടിയോ?
ഷേരൂ, വെള്ളം വറ്റാറായില്ലേ?
ഞാനേയ്... പുഴയിങ്ങോട്ട് തിരിച്ചുവിട്ടു.
ഇനി പുഴേലെ മീനും കിട്ടും. സൂത്രാ!


പറഞ്ഞ സ്ഥലത്ത്
ഖൊ... ഖൊ...
പനീം ചൊമേം മാറിയില്ലേ സൂത്രാ!
എങ്ങനെ മാറാൻ!
ഒരാഴ്ചയായി വെയിലും മഞ്ഞും കൊണ്ടു കിടക്കുന്നു.
ഗുഹ ഇടിഞ്ഞുവീണില്ലേ? ആ കരിനാക്കൻ വവ്വാലു കാരണം!
ഖൊ... ഗ്ഖൊ...



കുറുക്കപുത്രന് തല ചായ്ക്കാൻ കാട്ടിലിടമില്ലാാാ...
ചേട്ടാ, ഒരു ഗുഹയുണ്ട്.
വിശാലമായ ഗുഹയാ. ഏതോ സിംഹം താമസിച്ചതാ.
വാ, കാണിച്ചു തരാം.
എങ്ങനുണ്ട്?
കൊഴപ്പമില്ല.


ഈ ഒണക്കമരം പ്രശ്നമാണല്ലോ!
വീണാൽ നേരേ ഗുഹയുടെ മണ്ടയ്ക്കാ!
എങ്ങനെ സമാധാനമായിട്ട് കെടന്നുറങ്ങും?
താനൊരു കാര്യം ചെയ്യ്. ആ ആനച്ചേട്ടനെ വിളിച്ച് മരം മറിച്ചിട്.
ഞാനപ്പോഴേക്കും ഒന്നു വിശ്രമിക്കാം. വല്ലാത്ത പനി!



സൂത്രാ...
ആനച്ചേട്ടനെത്തി.
മരം ഗുഹയിൽ വീഴാതെ ആനച്ചേട്ടൻ നോക്കിക്കോളും. വീഴണ്ട സ്ഥലം കൃത്യമായി പറഞ്ഞു കൊടുത്തിട്ടുണ്ട്.
അതു നന്നായി.
ധും
പറഞ്ഞ സ്ഥലത്തു വീഴ്ത്തിട്ടുണ്ട്.
ശരി ശരി
വാ... നോക്കാം.
ഒന്ന് അഡ്ജസ്റ്റ് ചെയ്താൽ ഒരാഴ്ചകൊണ്ടു പുറത്തു കടക്കാവുന്നതേയുള്ളു, സൂത്രാ!
ഹെടോ, മണ്ടച്ചാരേ!



നിഴൽവഴി കുഴി
ഈ മാസം ഇതു മൂന്നാമത്തെ തവണയാ ഗുഹ മാറുന്നത്.
ഇവിടെയെങ്കിലും തന്റെ മണ്ടത്തരം പുറത്തെടുക്കരുത്. പറഞ്ഞേക്കാം.
ഈ ഗുഹ കൊള്ളാം.
വെള്ളം കിട്ടാൻ പുഴവരെ നടക്കണം. അതാ പ്രശ്നം!


ഇവിടൊരു കിണറു കുഴിച്ചാലോ? ഷേരുവിനെ സോപ്പിടാം!
ഷേരൂ... തൻറത്രേം ബുദ്ധിയും ശക്തിയുമുള്ള ഒരു കടുവയുടെ സഹായമുണ്ടെങ്കിൽ...
...നമുക്കു കുടിവെള്ളം ദാ, ഇവിടെ കിട്ടും!
താനവിടെയൊന്നു കുഴിച്ചുനോക്ക്.
എവിടെ?
ദാ, അവിടെ!
ആ പാറയ്ക്കടുത്തോ?


അല്ലെന്നേ... അപ്പുറത്ത്!
ആ ചെടിയുടെ പിന്നിലല്ലേ?
മണ്ടച്ചാരേ! അല്ല... അല്ലല്ല!
താൻ തെളിച്ചുപറ!
ദാ, ആ തെങ്ങിന്റെ നിഴലു ചെന്നു മുട്ടുന്ന സ്ഥലമില്ലേ? അവിടെ കുഴി!
ഞാനേയ്... പോയിട്ട് വൈകുന്നേരം വരാം.
ഹി... ഹി...
ഒന്നു പുകഴ്ത്തിക്കൊടുത്താൽ ഈ തിരുമണ്ടൻ എന്തും ചെയ്തോളും!


ഹാവൂ... ഉറങ്ങിപ്പോയി! മണ്ടൻ കടുവയുടെ കിണറു പണി എന്തായാവോ?
ചെന്നു നോക്കാം.
ങേ!
പണി തീർന്നു സൂത്രാ.
തെങ്ങിന്റെ നിഴല് വൈകുന്നേരമായപ്പോഴേക്കും പുഴയിൽ ചെന്നു മുട്ടി.


ആരടാ
കൂട്ടുകാരൻ..!
ഷേരൂ...
ഷേരൂ...
ശ്...ശ്...
അങ്ങേര് ഉണരും!
എങ്ങേര്?
ഒരുത്തൻ വന്നു കേറീട്ടുണ്ട്. തൻെറ അമ്മാവൻെറ ചങ്ങാതിയാണെന്ന്...
വല്യ മുൻശുണ്ഠി ക്കാരനാ.



മിണ്ടിയാൽ ഇടിയാ... മടുത്തു!
ഈ ഗുഹയങ്ങ് ഉപേക്ഷിച്ച് പോയാലോന്ന് വിചാരിക്കുകയാ.
എൻെറ അമ്മാവൻെറ കൂട്ടുകാരനോ?
അതാരപ്പാ ഞാനറിയാത്തൊരു കുറുക്കൻ?
ങ്ഹാ... ഏതു കുറുക്കനായാലും ഒന്നു മുട്ടിനോക്കാം.
ഞാൻ ഇടി തുടങ്ങിയാൽ പേടിത്തൊണ്ടൻ ഷേരുവിനും ധൈര്യം കിട്ടും.
പിന്നെ കുറുക്കച്ചൻ ഫ്ളാറ്റ്!



എൻെറ ഷേരൂ... താനിത്ര പേടിത്തൊണ്ടനായാലോ?
ഈ മുൻശുണ്ഠിക്കാരനെ ഞാൻ തുരത്തിത്തരാം. താനെൻെറ കൂടെ ഒന്നു നിന്നു തന്നാൽ മതി.
അതു വേണോ?
അതു വേണം.
ധൈര്യമുണ്ടെങ്കിൽ ഇറങ്ങിവാടാ...
നിൻെറ വാലു ഞാൻ മുറിക്കും!


ങ്ഹാ... വെല്ലുവിളിച്ചിട്ടു വന്നില്ലെങ്കിൽ കല്ലെറിഞ്ഞു വരുത്തും!
എറങ്ങടാ പുറത്ത്!
ഹിതൊരു ശല്യമായല്ലോ!
കു... കുർ... കുറു...
എന്നെ നോക്കണ്ട! ഞാൻ പറഞ്ഞോ മൂപ്പരു കുറുക്കനാണെന്ന്?